# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5451 24/05/2017-ലെ മറുപടിയ്ക്ക്

<u>സെക്രട്ടേറിയറ്റിലെ വിവിധ തസ്തികകളുടെ എണ്ണം</u>

**ചോദ്യം**
**ശ്രീമതി.വീണാ ജോർജ്ജ്**

**<u>ഉത്തരം</u>**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും വേഗതയിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവനം ചെയ്യുന്നത് . ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br>1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി<br>2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തു വരുന്നു<br>3. പ്രഗത്ഭരും പ്രാപ്തരുമായ പുതു തലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടു വരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകും വിധം ഒരു പുതിയ പരിശീലന നയം രൂപവത്ക്കരിച്ച് |

| | | | |
|---|---|---|---|
| | | | നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചു.<br>5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.<br>6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിച്ചു.<br>7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.<br>8. നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലോചിത മാറ്റം വരുത്തുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കാൻ നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. |
| (ബി) | സെക്രട്ടറിയേറ്റിലെ വിവിധ തസ്തികകളുടെ എണ്ണവും നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ; | (ബി), (സി) | 6.4.2016 ലെ സ ഉ (സാധ) നം.2498 / 06 / പൊ ഭ വ പ്രകാരം സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ കേഡർ സ്ട്രെങ്ത് ചുവടെ പറയും പ്രകാരമാണ്.<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ - 374<br>സീനിയർ ഗ്രേഡ് അസിസ്റ്റന്റ് - 374<br>അസിസ്റ്റന്റ് - 373<br>അന്യത്ര സേവനം അനുഷ്ഠിക്കുന്നവർ ഉൾപ്പെടെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ 419 ഉം സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ 386 ഉം അസിസ്റ്റന്റ് തസ്തികയിൽ 309 പേരും ഉണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനു |
| സി) | പൊതുഭരണ വിഭാഗത്തിൽ അസിസ്റ്റന്റ് , സീനിയർ ഗ്രേഡ്അസിസ്റ്റന്റ് ,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തുടങ്ങിയ തസ്തികകളുടെ എണ്ണവും നിലവിൽ ഈ തസ്തികകളിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ; വിവിധ വിഭാഗക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനനുസൃതമായ ഗുണമേന്മ കാണാത്തതിന്റെ കാരണവും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം G.O (P) No.9/2017/ഉ പ ഭ വ തീയതി 13.7.2017 ഉത്തരവായിട്ടുണ്ട്. |

Deepa
സെക്ഷൻ ഓഫീസർ